**Malayala Manorma**

**18 June 2018**

**Thiruvananthapuram:  Heavy rain,  Heath problems**



# മഴ ശക്തമായതോടെ പനി വ്യാപകമാവുന്നു

■ 1961 പേർക്കു ഡെങ്കിപ്പനി സ്ഥിരീകരിച്ചു

മനോരമ ലേഖകൻ

തിരുവനന്തപുരം● കാലവർഷം ശക്തമായതോടെ വടക്കൻ കേരളത്തിൽ പനി പടരുന്നു. വൈകാതെ തെക്കൻ കേരളത്തിലും പനി ശക്തമാകുമെന്നാണ് ആരോഗ്യവകുപ്പിന്റെ കണക്കുകൂട്ടൽ.

മഴ തുടങ്ങിയശേഷം ഡെങ്കിപ്പനി ബാധിച്ചു മൂന്നുപേർ മരിച്ചു. ഇതോടെ, ഈ വർഷം 31 പേരാണു ഡെങ്കിപ്പനി ബാധിച്ചു മരിച്ചത്. മഴക്കാലം ആരംഭിച്ചശേഷം ഇതുവരെ 1961 പേർക്കു ഡെങ്കിപ്പനി സ്ഥിരീകരിച്ചു.

കണ്ണൂർ, കോഴിക്കോട് ജില്ലകളിലാണു പനിബാധിതരേറെയും. എറണാകുളത്തും പത്തനംതിട്ടയിലും പനി വ്യാപകമാകുന്നു.

എറണാകുളം ജില്ലയിലെ കാഞ്ഞൂർ, രായമംഗലം, ചൊവ്വര, കിഴക്കമ്പലം, അങ്കമാലി എന്നിവിടങ്ങളിൽ പനി പടർന്നുപിടിക്കുന്നുണ്ട്.

**മാലിന്യനീക്കം വിജയിക്കാൻ ജനകീയ പങ്കാളിത്തം വേണം**

ഇടയ്ക്കിടെയുള്ള വേനൽമഴയും ജനവാസകേന്ദ്രങ്ങളിലെ മാലിന്യക്കൂമ്പാരവുമാണു പനി വ്യാപകമാക്കുന്നതെന്ന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ.
മഴ തുടർച്ചയായി പെയ്താൽ കൊതുക് മുട്ടയിട്ടു പെരുകില്ല. മഴക്കാലമായിട്ടും പല സ്ഥലങ്ങളിലും ശുചീകരണം മന്ദഗതിയിലാണ്. സർക്കാർ വകുപ്പുകൾക്കു പുറമെ ജനകീയ കൂട്ടായ്മകളുടെയും പങ്കാളിത്തമില്ലാതെ മാലിന്യനീക്കം വിജയിക്കില്ലെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.